പത്രക്കുറിപ്പ് 10.12.2023

**മാലിന്യം വലിച്ചെറിഞ്ഞാലോ, കത്തിച്ചാലോ, കുഴിച്ച് മൂടിയാലോ തത്സമയ പിഴ 5000 രൂപ ചുമത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് അധികാരം;**

**മാലിന്യ സംസ്കരണ നിയമങ്ങൾ കർശനമാക്കി സർക്കാർ ഓർഡിനനൻസ്**

തിരുവനന്തപുരം: മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമങ്ങളും സർക്കാർ നടപടികളും കൂടുതൽ കാര്യക്ഷമവും കർശനവുമാക്കുന്നതിന മുനിസിപ്പാലിറ്റി, പഞ്ചായത്തി രാജ് നിയമങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് സർക്കാർ ഓർഡിനൻസ് ഇറക്കി. അലക്ഷ്യമായി മാലിന്യം കൈകാര്യം ചെയ്താൽ ഒരു വർഷം വരെ തടവും 50,000 രൂപ പിഴയും ഓർഡിനൻസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മാലിന്യ മുക്തം ക്യാമ്പയിന്റെ ഭാഗമായി നടപ്പാക്കാൻ ഉദ്ദേശിച്ച വലിയ ഘടകമായിരുന്നു പഞ്ചായത്ത് രാജ്, മുനിസിപാലിറ്റി നിയമങ്ങളിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ടാണ ശനിയാഴ്ച സർക്കാർ ഓർഡിനൻസിറക്കിയത്.

2023-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ്, 2023-ലെ കേരള മുനിസിപാലിറ്റി (ഭേദഗതി) ഓർഡിനൻസുകളിലൂടെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഉന്നയിക്കുന്ന പ്രധാനമായ മാറ്റങ്ങളിലൊന്ന് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് വ്യാപകമായ അധികാരങ്ങൾ നൽകി എന്നതാണ്. ഇതു പ്രകാരം മാലിന്യം വലിച്ചെറിയുന്നതിനെതിരെ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് ചുമത്താവുന്ന തത്സമയ പിഴത്തുക 5000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ടുള്ള കുറ്റകൃത്യങ്ങൾക്ക് ലഭിക്കാവുന്ന പരമാവധി ശിക്ഷ 50,000 രൂപ പിഴയും ഒരു വർഷം വരെ തടവും ആക്കിയിട്ടുണ്ട്. തെറ്റായ പ്രവൃത്തി ചെയ്യുന്നതിൽ നിന്നും വ്യക്തികളെ പിന്തിരിപ്പിക്കുന്നതിന അതിനനുസരിച്ചുള്ള ഗൗരവമേറിയ പിഴ ഈടാക്കേണ്ടതാണെന്ന് ഓർഡിനൻസ് വ്യക്തമാക്കുന്നു.

മാലിന്യം കൈകാര്യം ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം അവരുടെ മേൽ ചുമത്താവുന്ന പിഴയുടെ തോത് വർധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പിഴയടച്ചില്ലെങ്കിൽ പൊതുനികുതി കുടിശ്ശിക പോലെ ഈടാക്കേണ്ടതാണ്.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ചുമതലകൾ പൂർണമായും സെക്രട്ടറിയിൽ നിക്ഷിപ്തമാണെന്ന് ഓർഡിനൻസ് വ്യക്തമാക്കി. ശിക്ഷാനടപടികൾ എടുക്കാനും നടപ്പിലാക്കാനുമുള്ള സെക്രട്ടറിയുടെ അധികാരങ്ങൾ വർദ്ധിപ്പിച്ചു. പഴയ നിയമം അനുസരിച്ച് ഇത്തരം വിഷയങ്ങളിൽ സെക്രട്ടറിക്ക് എടുക്കാവുന്ന നടപടികളിൽ പരിമിതി ഉണ്ടായിരുന്നു. ഓർഡിനൻസ് പ്രകാരം നോട്ടീസ് കൊടുത്ത്, കുറ്റാരോപിതനായ വ്യക്തിയെ കേട്ട ശേഷം പിഴ ചുമത്താനുള്ള അധികാരവും ഓർഡിനൻസി വഴി സെക്രട്ടറിക്ക് നൽകി.

ഏതെങ്കിലും മാലിന്യ ഉത്പാദകൻ യൂസർ ഫീ നൽകുന്ന കാര്യത്തിൽ വീഴ്ചവരുത്തിയാൽ, പ്രതിമാസം അമ്പത് ശതമാനം പിഴയോടു കൂടി പൊതുനികുതി കുടിശ്ശികയായി ഈടാക്കാവുന്നതാണെന്ന് ഓർഡിനൻസിൽ ചൂണ്ടിക്കാട്ടുന്നു. എന്നാൽ 90 ദിവസത്തിനു ശേഷവും തുക നൽകാത്ത പക്ഷം മാത്രമേ അത് ഈടാക്കാൻ പാടുള്ളൂ. കൂടാതെ യൂസർ ഫീ അടയ്ക്കാത്ത വ്യക്തിക്ക് അത് അടയ്ക്കുന്നതുവരെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ഏതൊരു സേവനവും സെക്രട്ടറിക്ക് നിരസിക്കാവുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന

സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി ഉചിതം എന്ന് തോന്നുന്ന വിഭാഗങ്ങളെ യൂസർ ഫീയിൽ നിന്നും ഒഴിവാക്കാം.

മാലിന്യ സംസ്കരണത്തിന വേണ്ട നടപടികൾ ഏറ്റെടുക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരെ ചുമതലകൾ ഏൽപ്പിക്കുന്നതിനും സെക്രട്ടറിക്ക് അധികാരം നൽകി. പ്രസിഡന്റിന്റെ അറിവോടെ ചുമതലകൾ നിർവഹിക്കുന്നതിനായി ബന്ധപ്പെട്ട ഫണ്ടിൽ നിന്നും രണ്ട് ലക്ഷം രൂപയിൽ കവിയാത്ത തുക ചിലവാക്കാനുമുള്ള അധികാരം ഭേദഗതിയിലൂടെ സെക്രട്ടറിക്ക് നൽകി.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ നടപ്പിലാക്കേണ്ട പൂർണ ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനാണ്. സർക്കാർ നിർദേശിച്ച കാര്യങ്ങളിൽ ഒരുമാസത്തിനുള്ളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തീരുമാനം എടുക്കാത്ത പക്ഷം നിർദ്ദേശങ്ങൾ നടപ്പിലാക്കാനുള്ള അനുമതി അംഗീകരിച്ചതായോ നൽകിയതായോ കരുതപ്പെടുന്നതാണ്. നിർദ്ദേശങ്ങൾ കൈക്കൊള്ളാത്ത പക്ഷം സർക്കാരിന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്മേൽ പിഴ ചുമത്താനും ഓർഡിനൻസിൽ വ്യവസ്ഥയുണ്ട്.

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനം സ്വന്തം ഭൂമിയോ, അല്ലെങ്കിൽ സ്വകാര്യ ഭൂമിയോ കണ്ടെത്തുന്നതിനു മുൻഗണന നൽകേണ്ടതാണ്. ആവശ്യമെങ്കിൽ നിലവിലുള്ള നിയമമനുസരിച്ച് സ്വകാര്യ ഭൂമി ഏറ്റെടുക്കാവുന്നതാണ്.

സംസ്ഥാനത്ത് അനേകം ആളുകൾ ഒത്തുചേരുന്ന യോഗങ്ങളും, പരിപാടികളും കൂടി വരികയാണ്. ഇത് കണക്കിലെടുത്ത് കൊണ്ട് 100-ൽ കൂടുതൽ ആളുകൾ ഒത്തുചേരുന്ന പരിപാടികൾ (ലൈസൻസ് ഇല്ലാത്ത സ്ഥലത്ത് നടത്തുന്നതിന) മൂന്ന് ദിവസം മുൻപെങ്കിലും ഗ്രാമ പഞ്ചായത്തിൽ അറിയിക്കണം. ഇവിടുത്തെ മാലിന്യം തദ്ദേശ സ്വയംഭരണ സ്ഥാപനം നിശ്ചയിച്ചിരിക്കുന്ന ഫീസ് നൽകി ചുമതലപ്പെടുത്തിയിട്ടുള്ള മാലിന്യം ശേഖരിക്കുന്നവർക്കോ ഏജൻസികൾക്കോ കൈമാറേണ്ടതുമാണ് എന്നും ഭേദഗതിയിൽ പറയുന്നു.

മാലിന്യ സംസ്കരണ കേന്ദ്രങ്ങളുടെ സമീപത്ത് താമസിക്കുന്ന ജനങ്ങൾക്ക് നികുതി ഒഴിവാക്കൽ ഇളവുകൾ, ക്ഷേമ പദ്ധതികൾ മുതലായ പ്രോത്സാഹനങ്ങൾ തദ്ദേശ സ്ഥാപനത്തിന നൽകാം.

മാലിന്യ സംസ്കരണ ലംഘനങ്ങളുമായി ബന്ധപ്പെട്ട പിഴത്തുക, മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾക്കായി ലഭിച്ച സിഎസ്ആർ സംഭാവനകൾ, സ്പോൺസർഷിപ്പ് തുകകൾ, മറ്റേതെങ്കിലും സംഭാവനകൾ, സർക്കാർ നിർദ്ദേശിക്കുന്ന മറ്റേതെങ്കിലും തുകകൾ എന്നിവ പ്രത്യേക ഫണ്ടിലേക്ക് നിക്ഷേപിക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലുള്ള ഈ ഫണ്ട് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും, കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും ഉപയോഗിക്കാവുന്നതാണ്.

കുറ്റകൃത്യങ്ങൾ കണ്ടെത്താനും പൊതുജനത്തെ കൂടുതൽ ബോധവാന്മാരും പങ്കാളികളുമാക്കുന്നതിനായി വ്യവസ്ഥ കൊണ്ട് വന്നു. മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും കുറ്റം നടന്നതായി സെക്രട്ടറിയെ രേഖാമൂലം അറിയിക്കുന്നവർക്ക് പാരിതോഷികം നൽകാനും ഓർഡിനൻസിൽ വ്യവസ്ഥയുണ്ട്.

കടകളുടെ ചുറ്റുമുള്ള പരിസരം വൃത്തിയായി സൂക്ഷിക്കുന്നതിനോടൊപ്പം, ഉപഭോക്താക്കൾ മാലിന്യം വലിച്ചെറിയൽ, തീയിടൽ എന്നിവ നടത്തുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതും കടയുടമയുടെയും കൈവശക്കാരുടെയും ഉത്തരവാദിത്തമാക്കി. മാലിന്യമോ വിസ്സർജ്ജ്യവസ്തുക്കളോ തെറ്റായ രീതിയിൽ കൈയ്യോഴിയുന്നതിനായി കൊണ്ടുപോകുന്ന വാഹനങ്ങൾ കണ്ടുകെട്ടുന്നതിനു വേണ്ട നടപടികൾ ഓർഡിനൻസിൽ കൊണ്ട് വന്നിട്ടുണ്ട്.